"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—നിയമനങ്ങൾക്കുള്ള യോഗ്യത—കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന "പത്താംതരം തുല്യത കോഴ്സ്"—സ.ഉ. (പി) 21/2015/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്—ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ.(അച്ചടി) നം.1/2024/ഉ.ഭ.പ.വ തീയതി, തിരുവനന്തപുരം, 30-01-2024

---

പരാമർശം: — 1. സ.ഉ. (കൈ) നം. 78/2004/പൊ.വി.വ. തീയതി: 09/03/2004.

2. സ.ഉ. (കൈ) നം. 87/2010/പൊ.വി.വ. തീയതി: 29/05/2010.

3. സ.ഉ. (പി) നം. 21/2015/ഉ.ഭ.പ.വ. തീയതി: 29/06/2015.

4. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ 04/08/2022-ലെ ഇ 4-2875/22/കേ.സം.സാ.മി.അ. നമ്പർ കത്ത്.

5. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 23/03/2023-ലെ A5-2/17/2019-KPSC നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തി വന്ന "പത്താംതരം തുല്യത-എ ലെവൽ കോഴ്സ്" എസ്.എസ്.എൽ.സി.യ്ക്ക് തത്തുല്യമായി അംഗീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കോഴ്സിന് "പത്താംതരം തുല്യതാ കോഴ്സ്" എന്ന് ഭേദഗതി വരുത്തി പരാമർശം (2) ഉത്തരവും പുറപ്പെടുവിച്ചിരുന്നു. എസ്.എസ്.എൽ.സി. അടിസ്ഥാന യോഗ്യത ആയിട്ടുള്ള തസ്തികകളിൽ പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങൾ, തസ്തികമാറ്റം മുഖേന നടത്തുന്ന നിയമനങ്ങൾ, സ്ഥാനക്കയറ്റം എന്നിവയ്ക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തിവന്ന "പത്താംതരം തുല്യത കോഴ്സ് ('എ' ലെവൽ) (Standard X Equivalency Course) സർട്ടിഫിക്കറ്റ്" എസ്.എസ്.എൽ.സി.യ്ക്ക് തത്തുല്യമായി അംഗീകരിച്ചുകൊണ്ട് പരാമർശം (3) ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ "എ ലെവൽ" എന്ന ഭാഗം ഒഴിവാക്കാത്തത് പലവിധത്തിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾക്ക് ഇടയാക്കുന്നുവെന്ന് ചൂണ്ടിക്കാട്ടിയും ആയതു പരിഹരിക്കണമെന്നാവശ്യപ്പെട്ടും നിരവധി അപേക്ഷകൾ സർക്കാരിന്റെ മുൻപിൽ ലഭിക്കുന്നുണ്ട്.

2. സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. എ ലെവൽ എന്ന വാക്ക് ഒഴിവാക്കിക്കൊണ്ട് പരാമർശം (3) സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യാവുന്നതാണെന്ന് പി.എസ്.സി. യും പരാമർശം (5) കത്ത് പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

3. ടി സാഹചര്യത്തിൽ പരാമർശം (3) ഉത്തരവിലെ "പത്താംതരം തുല്യത കോഴ്സ് ('എ' ലെവൽ) (Standard X Equivalency Course)" എന്നതിലെ ('എ' ലെവൽ) ഒഴിവാക്കി "പത്താംതരം തുല്യത കോഴ്സ് (Standard X Equivalency Course)" എന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

4. പരാമർശം (3) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവൻ എ പി**
**ജോയിന്റ് സെക്രട്ടറി**

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ, ദേശീയ സാക്ഷരതാ മിഷൻ, ശാസ്ത്രി ഭവൻ, ന്യൂഡൽഹി.
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, എക്സാമിനേഷൻ, പരീക്ഷാ ഭവൻ, തിരുവനന്തപുരം.
ഡയറക്ടർ, SCERT, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ഗവർണറുടെ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് [വിപുലമായ പ്രചാരണത്തിന്].
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.
പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ് [U.O. (f) No. GEDN-N1/120/2022-GEDN പ്രകാരം].
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ